ഉത്തരം

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) നിലവിൽ പീലിംഗ് തൊഴിലാളികൾക്ക് 2 രൂപ നിരക്കിൽ റേഷനരി നൽകിവരുന്നു. കൂടാതെ ഇവർക്കായി റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് മറ്റ് പദ്ധതികളെ സംബന്ധിച്ച് തീരുമാനം കൈകൊള്ളുന്നതാണ്.

സമഗ്ര തീരദേശ വികസന പദ്ധയിൻകീഴിൽ ഫിഷിംഗ് ഹാർബറുകൾ

202 (1672) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. സാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്രതീരദേശ വികസന പദ്ധതിയിൻകീഴിൽ വിവിധ ജില്ലകളിലായി എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് ;

(ബി) ഇതിന്റെ ഭാഗമായി പുതുതായി എവിടെയൊക്കെ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു ; ഇതിനായി ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശമേഖലയുടെ അടിസ്ഥാന സാമൂഹിക സാമ്പത്തിക വികസനം ഉൾപ്പെടെ സമഗ്രമായ വികസനം ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സമഗ്ര തീരദേശ വികസന പദ്ധതി. കേരള സംസ്ഥാന കോർപ്പറേഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

കുടിവെള്ള വിതരണം, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ഹെൽത്ത് ക്ലീനിക്കുകൾ, അംഗൻവാടികൾ, മത്സ്യ വിജ്ഞാന കേന്ദ്രങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗൈഡ് ലൈറ്റുകൾ മത്സ്യമാർക്കറ്റ് തുടങ്ങി വിവിധങ്ങളായ പദ്ധതികളാണ് കാസർഗോഡ്, കണ്ണൂർ, തൃശ്ശൂർ, എറണാകുളം ആലപ്പുഴ എന്നീ ജില്ലകളിലായി സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം നടപ്പാക്കുന്നത്.

ഈ പദ്ധതികളുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ കുടിവെള്ള വിതരണം, തീരദേശ റോഡുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഫിഷറീസ് സ്കൂളുകളുടെ നവീകരണം, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, 'ബയോഗ്യാസ്' പ്ലാന്റ്, ഗൈഡ് ലൈറ്റുകൾ, ഫിഷ് മാർക്കറ്റുകൾ എന്നീ ഇനങ്ങളിലായി 27 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 19 എണ്ണവും പൂർത്തിയാക്കിയിട്ടുണ്ട്. 8 പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ആകെ 6.2 കോടി രൂപ അടങ്കൽ തുകയിൽ 6.108 രൂപ വിനിയോഗിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര തീരദേശ വികസന പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 5 കോടി രൂപ അടങ്കൽ വരുന്ന 27 പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. കുടിവെള്ള പദ്ധതികൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, പബ്ലിക് ഹെൽത്ത് സെന്ററുകൾ, ബയോഗ്യാസ് പ്ലാന്റ്, അംഗൻവാടികൾ എന്നീ ഇനങ്ങളിലായി 14 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. നാളിതുവരെ 351 ലക്ഷംരൂപ വിനിയോഗിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം 44 പദ്ധതികൾക്കായി 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2010-11 വർഷത്തിൽ എറണാകുളം ജില്ലയിൽ നാളിതുവരെ 4.63 കോടി രൂപ അടങ്കൽ വരുന്ന 56 പദ്ധതികൾക്കും ആലപ്പുഴ ജില്ലയിൽ 3.47 കോടി രൂപ അടങ്കൽ വരുന്ന 26 പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 9.8 കോടി രൂപ അടങ്കൽവരുന്ന കുടിവെള്ള പദ്ധതികളും എറണാകുളം, ആലപ്പുഴ ജില്ലകളിൽ നടപ്പാക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ 6.2 കോടി രൂപയ്ക്കുള്ള പദ്ധതി, കണ്ണൂർ ജില്ലയിൽ 5 കോടിരൂപയ്ക്കുള്ള പദ്ധതി, തൃശ്ശൂർ ജില്ലയിൽ 5 കോടി രൂപയ്ക്കുള്ള പദ്ധതി, എറണാകുളം ജില്ലയിൽ 5 കോടി രൂപയ്ക്കുള്ള പദ്ധതി, ആലപ്പുഴ ജില്ലയിൽ 3.8 കോടി രൂപയ്ക്കുള്ള പദ്ധതി, ആലപ്പുഴ, എറണാകുളം ജില്ലകളിൽ കുടിവെള്ള പദ്ധതികൾക്കായി 9.8 കോടി രൂപ എന്നീയിനത്തിൽ മൊത്തം 34.8 കോടി രൂപയുടെ പദ്ധതികളാണ് സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം നടപ്പാക്കുന്നത്.

(ബി&സി) ഈ പ്രത്യേക പദ്ധതിയിൻകീഴിൽ ഫിഷിംഗ് ഹാർബറുകൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ലെങ്കിലും സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ തലായ്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ചെറുവത്തൂർ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, ആലപ്പുഴ ജില്ലയിലെ ചെത്തി, അർത്തുങ്കൽ, എറണാകുളം ജില്ലയിലെ ചെല്ലാനം എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ഇതിൽ ചെല്ലാനം, അർത്തുങ്കൽ എന്നിവയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി. കൊയിലാണ്ടി, തലായ് എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 2011-12-ലും കാസർഗോഡ് ചെറുവത്തൂർ, ചേറ്റുവ എന്നിവ 2013-14-ലും ചെത്തി 2011-ലും, ചെല്ലാനം 2013-ലും നിർമ്മാണം പൂർത്തിയാക്കും.

തൃക്കുന്നപ്പുഴ, പാന്നൂർ ഫിഷറീസ് ആശുപത്രി നിർമ്മാണം

203 (1673) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന പദ്ധതിയുടെ ഭാഗമായി തൃക്കുന്നപ്പുഴ പാന്നൂർ ഫിഷറീസ് ആശുപത്രിനിർമ്മാണത്തിന് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly